## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ – 4108

25.6.2014 ലെ മറുപടിയ്ക്ക്

## ഇടമലയാർ ജലസേചന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | 30 വർഷങ്ങൾക്ക് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും മെയിൻ കനാലിന്റെ 32 കി.മീ. വരെയും ലോ ലെവൽ കനാലിന്റെ 7300 മീ വരെയുമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതുമായ ഇടമലയാർ ജലസേചനപദ്ധതിയുടെ ട്രയൽ റൺ നടത്തുവാൻ അനുവാദം നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ) | മെയിൻ കനാലിന്റെ 32 കി.മീ. വരേയും ലോ ലെവൽ കനാൽ 0 മീറ്റർ മുതൽ 7300 മീറ്റർ വരേയും ട്രയൽ റൺ നടത്തുവാൻ അനുവാദം നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | ഇടമലയാർ ജലസേചനപദ്ധതിയുടെ പ്രധാന കനാലിന്റേയും ലോലെവൽ കനാലിന്റെ 7300 മീറ്റർ വരെയും ഉള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്കാവശ്യമായ സ്ഥലം കൂടി അക്വയർ ചെയ്യാനുണ്ട്. സ്ഥലമെടുപ്പ് അവസാനഘട്ടത്തിലാണ്. കൂടാതെ ഇടമലയാർ പദ്ധതിയെ ചാലക്കുടി റിവർ ഡൈവർഷൻ സ്കീമുമായി ബന്ധിപ്പിക്കുന്ന ലിങ്ക് കനാലിന്റെ സ്ഥലമെടുപ്പ് നടപടികളും നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കേണ്ടതുണ്ട്. മേൽപറഞ്ഞ കാര്യങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിയ്ക്കാൻ കഴിയുകയുള്ളൂ. |

Tammy PS

സെക്ഷൻ ഓഫീസർ